ടാലന്റഡ് ബാങ്കേഴ്സ് ഫെയ്സ്ബുക്ക് കൂട്ടായ്മയായി രൂപംപ്രാപിച്ചുവരുമ്പോൾ അതിന്റെ സിരാകേന്ദ്രം മുംബൈയിലെ എയ്റോളിയിലായിരുന്നു. സ്വപ്നരാജിന്റെ സ്ഥലംമാറ്റത്തിന്റെ പാതയിലൂടെ മലപ്പുറം താനൂരിലെത്തിയപ്പോഴതിലണി ചേർന്നൊരു കണ്ണിയുണ്ട്. അന്വർത്ഥമായൊരു നാമധാരി.

ഏറിയകൂറും നേരിൽകണ്ടിട്ടില്ലാത്തവരുടെ കൂട്ടായ്മയുടെ ശക്തിയും ചേതനയും ഫെയ്സ് ബുക്ക് താളുകളിലൂടെ മിഴിവേറിയ കാലം. ഒരൊത്തുകൂടലിന്റെ ചിന്തകൾ പൊട്ടിമുളച്ച കാലവുമായിരുന്നു, താനൂർക്കാലം. അതിൽ നിന്നു പിറവിയെടുത്ത ആശയമായിരുന്നു ടീ ബി മീറ്റ്. ആ ആശയം പ്രാവർത്തികമാക്കുന്ന ചർച്ചകളിൽ താനൂർ നിന്ന് കണ്ടെത്തിയ ആ കണ്ണിയിൽ മൗലികചിന്തകളുടെ ആർജവത്തം തുടിച്ചു നിന്നു- സ്വപ്നരാജ് പലപ്പോഴായി പങ്കുവച്ച സംഭാഷണശകലങ്ങളിലെ സ്നേഹജ്വാലയിൽ നിന്നുയിർകൊണ്ട് നമ്മുടെ 250ാം ദളം വിടരുന്നു- പ്രതിഭാപരിചയവേദിയുടെ സുപ്രധാന നാഴികക്കല്ലായിമാറുന്ന ഈ ദളത്തിൽ
പരിചയപ്പെടുത്തുന്നു

നമ്മുടെ ടീബിയുടെ സ്വന്തം

ജനുവിൻ പി രഞ്ജിത്ത്,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
എസ്. എം. ഇ ഡിപ്പാർട്ട്മെന്റ,
ലോക്കൽ ഹെഡ് ഓഫീസ്,
തിരുവനന്തപുരം

പി.എസ്. ചെല്ലപ്പൻ- സി.ആർ.രാജമ്മ ദമ്പതികളുടെ മകനായി കോട്ടയം വാഴൂരിനടുത്ത് കൊടുങ്ങൂരെന്ന ഗ്രാമത്തിൽ ജനനം.

"ജനുവരിയുടെ മകരമഞ്ഞിൻ കുളിരിൽ ആദ്യജാതനായി പിറന്ന കുഞ്ഞിന് പുതുമയുള്ളൊരു പേരു വേണം". അക്ഷരങ്ങളുടെ അർത്ഥവിന്യാസങ്ങളിൽ നിന്നുരുക്കി വിളക്കിയെടുത്തൊരു പേരായി അതു മാറി. ജനുവിൻ പി.രഞ്ജിത്ത് എന്ന പേരിന്റെ ശില്പിയായ ചെല്ലപ്പൻ സാർ, കേരളസംസ്ഥാന വ്യവസായവകുപ്പിൽ വ്യവസായകേന്ദ്രം ജനറൽ മാനേജരായി പ്രവർത്തിച്ചു വിരമിച്ചശേഷം വിശ്രമജീവിതം സമൂഹനന്മക്കായി മാറ്റി വച്ചിരിക്കുന്നു. ശ്രീമതി സി.ആർ. രാജമ്മ ഗൃഹഭരണവും നിർവഹിക്കുന്നു. ഇളയ സഹോദരി നവീന പി.രഞ്ജിത, കേരളപൊതുമരാമത്തുവകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയറാണ്.

പിതാവിന്റെ ജോലി സംബന്ധമായ സ്ഥലംമാറ്റങ്ങൾക്കിടയിൽ ജനുവിന്റെ സ്കൂൾ പഠനകാലം നാല് വ്യത്യസ്ഥ ഇടങ്ങളിലായതും വൈവിദ്ധ്യമാർന്ന സാംസ്കാരിക

കാഴ്ചകൾ പകർന്നുനല്കി.

''അച്ഛൻ വാങ്ങി നല്കിയ പുസ്തകങ്ങളുമായുള്ള ചങ്ങാത്തം ബാല്യകാലം മുതലുള്ള അനുഗ്രഹമായിരുന്നു. അതിലൂടെ തന്റെ സർഗ്ഗഭാവനകളുടെ മായികപ്രപഞ്ചവും മാനവികതയുടെ ഉണ്മയും നിറവാർന്നു'- സംഭാഷണം തുടർന്നു,

കവിതാരചനയും നാടകരചനയും സംവിധാനവും പെയിന്റിംഗും ഇഷ്ടമായി കൂടെക്കൂട്ടി. സ്വന്തം ഭാവനാസൃഷ്ടികളുടെ മാറ്റുരക്കുവാനുള്ള വേദികളെയും ഇഷ്ടമായിരുന്നു. സ്കൂൾ/സബ്ജില്ലാ തലങ്ങളിലെ വേദികളിൽ നിന്ന് സമ്മാനങ്ങൾ നേടിയതും പ്രചോദനമായി- സംഭാഷണം തുടർന്നു.

വാഴൂർ SVRVNSS HS ൽ നിന്ന് പത്താംക്ലാസ് വിജയം നേടി പാമ്പാടി K G കോളേജിൽ നിന്ന് പ്രീ -ഡിഗ്രിയും കഴിഞ്ഞ് കാഞ്ഞിരപ്പള്ളി St. Domenic College ൽ നിന്ന് ഫിസിക്സിൽ ബിരുദവും കോഴിക്കോട് Farook College ൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദവും നേടി.

സ്കൂൾ- കോളേജ് പഠനകാലത്ത് നാടകങ്ങൾ എഴുതി കഥാപാത്രങ്ങളുടെ ഉള്ളറകളിലേക്ക് കടക്കുവാൻ കൂട്ടുകാരെ പഠിപ്പിച്ചു സജ്ജരാക്കുന്നതിൽ ശ്രദ്ധവച്ചു എങ്കിലും അരങ്ങിന്റെ ലൈംലൈറ്റിൽ നിന്നൊഴിഞ്ഞു നിന്നിരുന്നു. പഠനശേഷം വിവിധജോലികൾ ചെയ്തു പ്രവർത്തിപരിചയം നേടിയതും ജീവിതസരണിയിലെ വൈവിദ്ധ്യമാർന്ന അനുഭവങ്ങളായി. തിരുവനന്തപുരം 'ബ്രില്യൻസി'ൽ സബ് എഡിറ്ററായി ചേർന്ന കാലം- മലയാള മനോരമ നടത്തിയ അവരുടെ ആദ്യത്തെ ഷോർട്ട്ഫിലിം കോമ്പെറ്റിഷനിൽ കൂട്ടുകാരൊത്തു പങ്കെടുത്തു. അതിൽ ഏറ്റവും മികച്ച പത്തു സൃഷ്ടികളിലൊന്നായി തെരഞ്ഞെടുക്കപ്പെട്ട ഫിലിമിന്റെ സ്ക്രിപ്റ്റും ഡയറക്ഷനും നിർവഹിച്ച തനിക്ക് ലഭിച്ച അംഗീകാരമായി മനസ്സിൽ നിറയുന്നു-ജനുവിൻ ഓർമ്മച്ചെപ്പു തുറക്കുന്നു.

ബാങ്കറായുള്ള ജീവിതപാതയൊരുങ്ങുന്നു -

അനന്തപുരിയിലെ വിദ്യാഭ്യാസപ്രവർത്തകൻ ശ്രീ സുഭാഷിന്റെ (SIBS) നിർബന്ധപ്രകാരം ബാങ്ക്കോച്ചിംഗിലൂടെ വിവിധബാങ്ക് റിക്രൂട്ട്മെന്റു ടെസ്റ്റുകളിൽ വിജയിയായി.
NMG ബാങ്കിൽ Probationary Officer ആയി നിയമനം ലഭിച്ചു പയ്യന്നൂരിൽ ജോലി നോക്കിവരുമ്പോഴായിരുന്നു 2012 ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ (SBT) Probationary Officer ആയുള്ള നിയമനം ലഭിച്ചത്. അങ്ങിനെ NMGB വിട്ട് സ്റ്റേറ്റ് ബാങ്കിന്റെ ഭാഗമായി. പാലാ, ആലത്തൂർ, തിരൂരങ്ങാടി, താനൂർ, കൊടിഞ്ഞി, PBB പാലക്കാട്, SME കഞ്ചിക്കോട് എന്നീ ബ്രാഞ്ചുകളിലെ സേവനശേഷം ഇപ്പോൾ SBI തിരുവനന്തപുരം

ലോക്കൽ ഹെഡ്ഡോഫീസിൽ SME ഡിപ്പാർട്ട്മെന്റിൽ മാനേജറായി പ്രവർത്തിക്കുന്നു.

ടാലന്റഡ് ബാങ്കേഴ്സിന്റെ കൂട്ടിണക്കത്തിലേക്കുള്ള വഴി-

''സ്വപ്നരാജ് സാർ താനൂരിലെത്തുമ്പോഴാണ് ടീബിയെക്കുറിച്ചും അതിന്റെ വൈപുല്യത്തെക്കുറിച്ചും മനസ്സിലാക്കിയത്.
അതിലെ അംഗങ്ങളുടെ ഒരു സമ്മേളനത്തെക്കുറിച്ചുള്ള ആലോചനയിൽ പങ്കെടുക്കുവാൻ കഴിഞ്ഞതാണ് സ്പാർക്ക്."
തൃശൂരിൽ നടന്ന ആദ്യമീറ്റിന്റെ പാഠങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തുടർന്നുള്ള മീറ്റുകൾ സംഘടിപ്പിക്കുന്നതിൽ ജനുവിന്റെ ആശയങ്ങളും ആർജവം തുളുമ്പുന്ന സാക്ഷാത്കാരവൈഭവവും തിളങ്ങുന്ന അദ്ധ്യായങ്ങളായി മാറി. ആലുവയിൽ പെരിയാറിൻ തീരത്തുനടന്ന രണ്ടാംമീറ്റിലെ ''Tabex'' എന്ന കോൺസെപ്റ്റ് പ്രാവർത്തികമാക്കിയ ചാതുര്യവും സൂക്ഷ്മതയും, പിന്നീട് കൊല്ലം മീറ്റിൽ ''Tabex'' 'Farmfest' കൂടിച്ചേർത്ത് വിപുലീകരിച്ചതും കോഴിക്കോട് 'Tabex'' ടീബി മീറ്റിനെ പുതുതലങ്ങളിലേക്കുയർത്തിയതും നാമേവരും കണ്ടു. സ്വയമർപ്പിച്ചു രംഗമൊരുക്കിക്കഴിഞ്ഞാൽ അരങ്ങിലെവിടെയോമാറിനിന്ന് സൂക്ഷ്മതലനിരീക്ഷണങ്ങൾ നടത്തി സുഗമമായ പ്രവാഹമൊരുക്കുന്ന അദൃശനായി മാറും ജനുവിൻ. മീറ്റിൽ ആദ്യവസാനം എവിടെയും ഉണ്ടാകും ഒരു ജനുവിൻ ടച്ച്.

കോവിഡ് കാലത്തെ അടച്ചിരുപ്പിന്റെ നാളുകൾ- ടീബി പ്രവർത്തനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലേക്കു മാറിയ കാലത്ത് ജനുവിന്റെ സർഗ്ഗവൈഭവങ്ങൾ നാമേവരും തൊട്ടറിഞ്ഞതാണ്. ഉരുത്തിരിഞ്ഞു വരുന്ന ആശയങ്ങൾക്ക് അനുയോജ്യമായ പേരും ഡിജിറ്റൽ പ്രതലവുമൊരുക്കി സമയബന്ധിതമായി അവകൂട്ടിയിണക്കി സെറ്റാക്കി വയ്ക്കുന്നതിൽ ആത്മസമർപ്പണത്തിന്റെ ടച്ച്;
നിറവാർന്ന പുഞ്ചിരിയോടെ ഏതു ടാസ്കുമേറ്റെടുക്കുന്ന ജനുവിൻ ടച്ച്.
അക്കാലത്തു നടന്ന ''Meetex'' എന്ന
ഓൺലൈൻ പരിപാടിയിൽ സർഗ്ഗവൈഭവ രംഗത്തെ വിദഗ്ദരെ പങ്കെടുപ്പിച്ചുകൊണ്ട് നമ്മുടെ അംഗങ്ങളുടെ സർഗ്ഗവാസനകൾക്കുത്തേജനമേകിയ പരിപാടിയുടെ ചിന്തയിലും ഫോർമാറ്റിംഗിലും ഏകോപനത്തിലും ജനുവിൻ ടച്ച് അനുഭവേദ്യമായി.
കോവിഡ്കാലപരിപാടികളിൽ ഒരു രാസത്വരക (കാറ്റലിസ്റ്റ്) മെന്ന പോലെ ജനുവിന്റെ അദൃശസാന്നിദ്ധ്യം തൊട്ടറിഞ്ഞു, നാമേവരും.

കവിതാസമാഹാരത്തിന്റെ പിറവി-

കവിതകൾ കോറിയിട്ട താളുകളധികവും സ്വകാര്യമായി സൂക്ഷിച്ചു.
പിന്നീട് ''പച്ച കുടിച്ച കവിതകൾ'' എന്ന പേരിൽ തുടങ്ങിയ

ബ്ലോഗിൽ അവയിൽ ചിലതു വെളിച്ചവും കണ്ടു, ഈ
കവിതകൾ കാണുവാനിടയായത് ചുരുക്കം ചില സുഹൃത്തുക്കൾ മാത്രം.

"ഒരു കവിതാസമാഹാരം എന്ന ആശയം എന്നിലേക്ക് പകർത്തിയതും അത് സാക്ഷാത്കരിക്കുന്നതിന് കരുത്തേകിയതും ടാലന്റഡ് ബാങ്കേഴ്സിന്റെ സ്വന്തം അനിൽ സാറാണ്. പുസ്തകരൂപത്തിൽ പബ്ലിഷ് ചെയ്യുന്നതിനു മുന്നേ അത് ഗാഢമായി വായിച്ചു തിരുത്തിത്തന്നത് അനിൽ സാറായിരുന്നു" - ജനുവിന്റെ വാക്കുകൾ.

കഴിഞ്ഞ കോഴിക്കോട് ടീബി മീറ്റിൽ വച്ച് ജനുവിൻ കവിതകളുടെ പ്രകാശനം നടന്നു.
"ഭൂതകാലത്തിലേക്ക് തിരിയുന്ന വളവുകൾ" എന്ന സമാഹാരം, ശ്രീ. സ്വപ്നരാജിൽ നിന്ന് കെ്െപ്പറ്റി ചെല്ലപ്പൻ സാർ അതു നിർവഹിച്ചപ്പോൾ ജനുവിന്റെ കുടുംബാംഗങ്ങൾ ഏവരുമുണ്ടായിരുന്നു, സദസ്സിൽ. ടീ ബിയുടെ സമ്മോഹന നിമിഷങ്ങളിലൊന്നായി മാറിയ ചടങ്ങായിരുന്നു ആ കുടുംബ ചിത്രം.

നൃത്തത്തിലും ചിത്രരചനയിലും താല്പര്യമുള്ള അഞ്ജന സി.ബാലനാണ് ജനുവിന്റെ ജീവിതസഖി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസറാണ് അഞ്ജന.

"വിദൂരതയിൽ നിന്നുമാരോ ഒരു
സന്ദേശമയച്ചു.
അവ കാറ്റായ് മഞ്ഞായ് മുറ്റത്തു തലതല്ലി വീണു.
വാശിയോടേ
വേരുകളിലൂടെ പൂക്കളായ് വിടർന്നു" -
"ഭൂതകാലത്തിലേക്ക് തിരിയുന്ന വളവുകൾ" എന്ന
കവിതാസമാഹാരത്തിലെ ആത്മപ്രകാശം തുളുമ്പിയ
വരികളിൽ നിന്നാണ് ഈ ദളപരിചയത്തിന്റെ ടീസറിനു രുപം നല്കിയത് -
"ആരവങ്ങളിൽ നിന്നൊഴിഞ്ഞ് കാറ്റായ് മഴയായ് മഞ്ഞായൊരു വസന്തം".
ടീസർ കണ്ട് അനിൽ ഉണ്ണിത്താൻ അയച്ചു തന്ന അർത്ഥവത്തായ സന്ദേശം ഇതോടൊപ്പം ചേർക്കുന്നു-
"ആദ്യ മീറ്റിന് എന്റെ യുറാനസ് ടീമിലേക്ക് കണ്ടെത്തിയ നിമിഷം മുതൽ എനിക്ക് ഏറെ ഇഷ്ടമായ ഒരു കലാകാരൻ. ഉള്ളിലുള്ള ആ പ്രതിഭ തിരിച്ചറിയാൻ വളരെ അടുത്ത് ചെല്ലണം. ആശയങ്ങൾ മുളപൊട്ടാനും ആശയങ്ങളുടെ ഒരു കുഞ്ഞു വിത്തിട്ടാൽ മുളച്ചുപൊന്താനും തക്ക ഫലഭൂയിഷ്ഠമാണ് ആ മനസ്സ്. കഥകളും തിരക്കഥകളും കവിതകളും പിന്നെ കുഞ്ഞുകുഞ്ഞ് ആശയങ്ങളും കൊണ്ട് സമ്പന്നമായ പ്രതിഭയാണ് ജനുവിൻ"

ഇരുന്നൂറ്റിയമ്പതാം ദളം പിറക്കുന്ന വേളയിൽ മുൻകാലദളങ്ങളായ രണ്ടുപേരുടെ സന്ദേശം ലഭിച്ചതും അർത്ഥവത്തായി-

ബാംഗ്ളൂരിൽ നിന്ന് നീതുദാസ്-
''മികച്ച ഒരു കോർഡിനേറ്റർ ആയിട്ടാണ് ജനുവിനെ ആദ്യം കാണുന്നത്. ആലുവ മീറ്റിൽ ഓടി നടക്കുന്ന ഈ മനുഷ്യനെ പരിചയപ്പെടുന്നത് മീറ്റ് കഴിഞ്ഞ് പോകാൻ നേരമാണ്. മറ്റുള്ളവരെ പോലെ അത് വരെ കമന്റുകളിൽ പരിചയം ഉള്ള ആളല്ല. ആരവങ്ങളിൽ നിന്ന് ഒഴിഞ്ഞ് നിൽക്കുന്ന എന്നാൽ ആരവങ്ങൾ ഒരുക്കാൻ ചുക്കാൻ പിടിക്കുന്ന ആൾ. പിന്നീട് ജനുവിൻ ഏറ്റവും അടുത്ത സുഹൃത്തുക്കളിൽ ഒരാളായി. എന്റെ മടി നന്നായി അറിഞ്ഞിട്ടും ഇടയ്ക്ക് വിളിച്ച് പൊക്കിയെടുക്കാൻ ശ്രമിക്കുന്ന ഒരാൾ. ഒരുപാട് അഭിമാനത്തോടെ ആണ് കോഴിക്കോട് മീറ്റിന് ജനുവിന്റെ പുസ്തകം പുറത്തിറങ്ങുന്ന കാഴ്ച്ച കണ്ടു നിന്നത്''

തെലങ്കാനയിൽ നിന്ന് കവി ജോഫി ജോൺ-

''പ്രിയ സുഹൃത്തു ജനുവിൻ പി രഞ്ജിത്തിന്‌റെ കവിതാസമാഹാരം-"ഭൂതകാലത്തിലേക്കു തിരിയുന്ന വളവുകൾ''-നല്കുന്ന വായനാനുഭവത്തെക്കുറിച്ചാണ് പറയുവാനേറെയും.

അതേ.. ഇത് ഒരു അക്ഷരപ്പെയ്ത്താണ്. പ്രിയ കവി വരികളിലൂടെ മോക്ഷം തേടിയുള്ള യാത്രയിലാണ്. കവിയുടെ വരികളിലൂടെ ഞാനും യാത്ര തുടങ്ങി. 'ഭൂതകാലത്തി'ൽ തുടങ്ങി 'അക്ക്' എന്ന കവിത വായിച്ചു തീരുമ്പോൾ നമ്മൾ ആലോചിക്കും; ഇപ്പൊ കഴിഞ്ഞത് വരികൾ കൊണ്ടുള്ള ഒരു ചാമുണ്ഡിത്തെയ്യം തന്നെയല്ലേ എന്നു നമ്മൾ അതിശയിക്കും. മറ്റുള്ളവർക്കു വേണ്ടി സ്വയം ചാമുണ്ഡി ആയി മാറുന്ന വ്യക്തിത്വം''.

ടീബിയുടെ വസന്തമായി ജനുവിൻ ടച്ചുള്ള കോട്ടയം മീറ്റിന് നമ്മൾ തയ്യാറെടുക്കുകയാണ്.

കോട്ടയത്ത് വീണ്ടും കണ്ടു മുട്ടാം. പുതുവസന്തം വിടരുന്ന കാഴ്ചകളൊരുക്കുവാനൊത്തുകൂടാം.
പുതുകവിതകൾ കോർക്കാം.

ജനുവിനും കുടുംബാഗങ്ങൾക്കും സ്നേഹാശംസകളോടെ

ടാലന്‌റഡ് ബാങ്കേഴ്സ്.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Arya Gayathry , State Bank of India, RBO Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC,

പത്തനംതിട്ട

-----------------------------------------------------------------------------------------------------

Today's Talented Banker - the 250th in the lot - who should have been named one, much earlier - joined our group while Swapnaraj (the super-brain behind the idea of the group) was at Tanur. He gave great inputs into the proposal of the T B Meet, to bring together members who had seen one another through the pages of Facebook alone. We present before you, our own, the one and only;

Januvin P Ranjith
State Bank of India
SMEBU
LHO Thiruvanathapuram

He was born to Sri. P.S. Chellappan and Smt. C.R. Rajamma in the Kodungoor village, Kottayam. It was his father, who retired as the General Manager of the District Industries Centre, Kerala State Industrial Department and is working towards the welfare of the society, who gave this boy his unique name; being born in the month of January. His younger sister, Naveena P Ranjith, is an Assistant Engineer in the Kerala Public Works Department. As his father had a transferable job, Januvin did his schooling from four distinct places which gave him exposure to various cultures followed within the state. His creativity grew from reading the books his father gifted him as a child. He wrote poems, drama, drew and painted; and won many prizes at the school level and sub-district level youth festivals.

He passed out of the Vazhoor SVRVNSS High School in the 10th grade, did his pre degree from Pambadi K G College, BSc Physics from Kanjirapally St. Domenic College and MA English from Kozhikode Farook College. While at school and college, he directed dramas and taught his friends to understand and feel the characters, but stayed far away from the limelight.

After his studies, he worked in various fields, enriching his experience. While working as the sub-editor in the 'Brilliance', he and his friends participated in the Shortfilm competition conducted by the Malayala Manorama. Their shortfilm that got shortlisted in the best 10, was written and directed by Januvin. He still cherishes the recognition bestowed on him.

Under the persuasion of Sri Subhash(SIBS), an educationist from Ananthapuri, he appeared and cleared various bank tests. It was while working at Payyannur as a Probationary Officer in the NMG Bank that in 2012 he got selected as a Probationary Officer in the State Bank of Travancore. After working in the Pala, Alathur, Thiroorangadi, Tanur, Kodinji, PBB Palakkad and SME Kanjikode branches, he is presently posted as Manager in the SME Department, LHO Thiruvanathapuram.

He gets to know about the Talented Bankers group and its popularity when Swapnaraj joined the Tanur branch. Taking part in the discussion on arranging a TB Meet was the spark he waited for. He learnt from the first TB Meet conducted at Thrissur and turned out to be the inspiration and organiser for the subsequent meets. He made 'Tabex' a reality in the Aluva meet, and added

'Tabex Farmfest' at the Kollam meet, and explored various horizons of 'Tabex' at the Kozhikode meet. After setting the stage to the minutest detail, the 'magician' stands away, waiting for the magic to unfurl. And wherever you look, you find a 'Januvin touch'!

Another instance of his focussed attention was the online 'Meetex' during the covid days. He was the behind the screen director who brought together the various talents exhibited at the event. He was the one coming up with the innovative names and digital displays for all the online events. He was indeed the unseen catalyst!

Most of his poems didn't see daylight till he started sharing a few of them in his blog, 'pacha kudicha kavithakal'. "It was Talented Bankers' own Anil sir who encouraged me to get my collection of poems published. And he was kind enough to proof read the same before printing the book." The book release of "Bhoothakaalathileku thiriyunna valavukal" was done at the Kozhikode TB Meet by Swapnaraj handing over the book to Chellappan sir(Januvin's father).

His wife, Anjana C Balan, is fascinated by dance and drawing. She is the Assistant Section Officer at the Calicut University.

Seeing the teaser, Anil Unnithan sir told "He is my favorite from the time my Uranus team was born during the first meet. You need to get close to him to feel the glow of creativity. Give him a thread, and he would make a garland out of it with his ideas of stories, poetry, scripts and brilliant viewpoints."

Neethu Das from Bangalore says, " Januvin is an excellent coordinator. I met him towards the end of Aluva meet. He is now one of my best friends. Knowing my lazy nature, he encourages me a lot. It was with pride that I watched his book release at the Kozhikode meet. " Poet Jofy John quips from Telangana, " Januvin's book is a shower of words... a journey towards moksha. The entire set of poems reminds of the 'Chamundi theyyam' ".

We wish Januvin - the spring spreading joy amidst us - as we await the Kottayam meet, all the very best. May God bestow his choicest blessings on Januvin and his family.